**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല തലശ്ശേരി നഗരസഭാ- തിരുവങ്ങാട് വില്ലേജ് വാസഗൃഹം നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 17/04/2021 ലെ E5/BA/335/2019-20 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 08/06/2021, 12 /11/2021 തീയതികളിലെ TCPKNR/895/2020-C നമ്പർ കത്തുകൾ

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**
**ഉത്തരവ്. നം. TCPCTP/1365/2021/D3. തീയതി:14/02/2022**

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭാ പരിധിയിലുള്ള തിരുവങ്ങാട് വില്ലേജ് വാർഡ് 16 റീസർവേ നമ്പർ 16/4 എന്നിവയിൽപെട്ട 121.00 ച.മീ സ്ഥലത്ത് 62.97 sqm വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. സരിത.സി, ആറ്റുപുറത്ത് ഹൗസ്, തിരുവങ്ങാട്, തലശ്ശേരി എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Development Plan for Thalassery Town- Part Variation 2007 പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019-നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. കെ.എം.ബി.ആർ ചട്ടം76(1) പ്രകാരമുള്ള ഭൂഗർഭജല പോഷണ സംവിധാനം എർപ്പെടുത്തേണ്ടതാണ്.
5. നിർമ്മാണ സ്ഥലം സി.ആർ.സെഡ് പരിധിയിൽ വരുന്നതിനാൽ

സി.ആർ.സെഡ് ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by RAJEEVAN PITTAN
Date: 2022.02.14 11:51:40 IST
Reason: Approved

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

രാജീവൻ പിട്ടൻ.
ടൗൺ പ്ലാനർ
മുഖ്യനഗരാസൂത്രകനു വേണ്ടി

സെക്രട്ടറി,
തലശ്ശേരി നഗരസഭ

പകർപ്പ്:-

1. ശ്രീമതി. സരിത.സി, ആറ്റുപ്പുറത്ത് ഹൗസ്, തിരുവങ്ങാട്, തലശ്ശേരി -670103
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ് 4. കരുതൽ ഫയൽ 5. അധികം